ചരിത്രത്തിന്റെ മറുപുറം

വിനിൻ പെരേര രചിച്ച The Other side of History എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയുടെ രണ്ടാം ഭാഗം.

വിവർത്തകൻ:കെ.വി. ശിവപ്രസാദ്

2.ദാരിദ്ര്യകൈമാറ്റം

'ഒരിക്കലും വറ്റാത്ത സമ്പത്തിന്റെ ഉറവിടം ഇതിന്റെ ഉടമയാകുന്നതിൽ പരാജയപ്പെട്ടു കൂടാ. ഉടമയാകുന്നവർ ലോകത്തിലെ ഏറ്റവും വലിയ ധനികരാവും. റോബർട്ട് ക്ലൈവ് ഇന്ത്യയിൽ വന്ന ഉടനെ എഴുതി. ബ്രിട്ടന്റെ ഉദ്ദേശ്യം ഇതിൽ കൂടുതൽ വ്യക്തമാക്കാനില്ല. തീർച്ചയായും ബ്രിട്ടൻ ഏറ്റവും സമ്പന്നമായി. പക്ഷെ അത് നമ്മെയും മറ്റു കൊളോണിയൽ ജനങ്ങളേയും ദരിദ്രരാക്കിക്കൊണ്ടായിരുന്നു.

1757ൽ ബംഗാളിലെ നവാബ് തോറ്റപ്പോൾ അധികാരത്തിലേറിയ മിർജാഫറോട് ക്ലൈവ് ആവശ്യപ്പെട്ടത് നാലുകോടിപ്പവനാണ്. മാത്രമല്ല വ്യക്തിപരമായി വർഷംതോറും മുപ്പതിനായിരം പവൻ നികുതി പിരിക്കാവുന്ന വസ്തുവകകൾ വേറെയും. നാലുകോടിപ്പവൻ മുഴുവൻ വാങ്ങാൻ ക്ലൈവിനു കഴിഞ്ഞില്ല. എന്നാൽ, അന്നു വാങ്ങിയ തുക തന്നെ അക്കാലത്തെ നിലവാരമനുസരിച്ച് നോക്കിയാൽ ബ്രിട്ടന്റെ ആകെ നികുതി വരുമാനത്തിന്റെ പതിനേഴിൽ ഒരു ഭാഗം വരും. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കപറയുന്നു. മിർജാഫറിനു ശേഷം അധികാരത്തിലേറിയവരോട് ലക്ഷക്കണക്കിന് പവൻ വില വരുന്ന വസ്തുവകകൾ പിന്നേയും തട്ടിയെടുത്തിരുന്നു.

"ഈസ്റ്റിന്ത്യാക്കമ്പനിയിലെ ഏതു ജീവനക്കാരനും എതുമാർഗ്ഗമുപയോഗിച്ചും സ്വന്തം ഭാവി ശോഭനമാക്കിത്തീർക്കാൻ സ്വാതന്ത്ര്യമുണ്ട് "- 1727ൽ ഗവർണ്ണർ ഉറപ്പു നൽകിയിരുന്നു. 1765ൽ കമ്പനി ഭൂ നികുതി പിരിക്കാനുള്ള അവകാശം നേടി.ഈ പണമുപയോഗിച്ച് സൈനികശക്തി ബഹുമടങ്ങാക്കുകയും ചെയ്തു. എല്ലാ ചരക്കുകളുടേയും ഉത്പാദനത്തിലും വിപണനത്തിലും കുത്തക സ്ഥാപിച്ചു.ഈസ്റ്റിന്ത്യാകമ്പനി അവർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതുവരെ ഒരൊറ്റ ഇന്ത്യക്കാരനും വാങ്ങരുതായിരുന്നു. ഈ വ്യാപാര സ്വാതന്ത്ര്യം പിന്നീട് കമ്പനിക്ക് താത്പര്യമുള്ള എല്ലാരംഗത്തേക്കും വ്യാപിച്ചു.

ദർബാർ റസിഡണ്ടായ റിച്ചാർഡ് ബഷർ എഴുതുന്നത് നോക്കൂ: "രാജ്യം മുഴുവനും കമ്പനിയുടേതാണ്. അതുകൊണ്ടുതന്നെ ഉത്പാദകർ ഉത്പന്നങ്ങൾ കമ്പനിപറയുന്ന വിലക്ക് കമ്പനിക്ക് വിൽക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. ഏതെങ്കിലും നാടൻ കച്ചവടക്കാരൻ എന്തെങ്കിലും വാങ്ങാൻ ശ്രമിച്ചാൽ കമ്പനിയുടെ താത്പര്യങ്ങളിലിടപെട്ടതായി ഉടനെ മുറവിളി ഉയരും.

1769ൽ കമ്പനി പട്ട്നെയ്ത്ത് യന്ത്രം സ്ഥാപിച്ചു. അതോടെ നാടൻ നെയ്ത്ത്പട്ട് വാങ്ങൽ കുറച്ചു. 1800 ഓടെ പട്ട്. നെയ്ത്ത് പൂർണ്ണമായും ഇല്ലാതാക്കി. ഇതിന് എല്ലാ മർദ്ദനമുറകളും വേണ്ടത്ര ഉപയോഗിച്ചു. ഏതെങ്കിലും നെയ്ത്തുകാരൻ സ്വതന്ത്ര പൗരനാണെന്ന് ഭാവിച്ച് സ്വന്തം ഉത്പന്നം കൈകാര്യം ചെയ്താൽ അവന്റെ കുടുംബം അതോടെ കുളം തോണ്ടിപ്പോകും. അത്രമാത്രം നാശമാണ് കുടുംബത്തിന്മേൽ അടിച്ചേല്പിക്കുക'' ബഷർപറയുന്നു.

ഈസ്റ്റിന്ത്യാകമ്പനി ആവശ്യപ്പെടുന്നത്രയും തുക നികുതിയായിപ്പിരിക്കാൻ സെമിന്ദാർമാർക്ക് കഴിയാതെ വന്നാൽ ഉടനെ കമ്പനി സ്വന്തം ഉദ്യോഗസ്ഥന്മാരെ നിയമിക്കും." ദരിദ്രരായ കർഷകരെ സംബന്ധിച്ചിടത്തോളം ഇതെത്ര വിനാശകരമായിരുന്നെന്നോ?" ബഷർ അഭിപ്രായപ്പെടുന്നു. ഇതിലും വേണ്ടത്രവിജയിച്ചില്ലെങ്കിൽ കമ്പനി പട്ടാളത്തെത്തന്നെ അയക്കും .ഭൂമി പിടിച്ചെടുക്കും. പൂർണിയയിലെ സൂപ്പർ വൈസർ ആയിരുന്ന ഡക്കാൾ റിപ്പോർട്ട് ചെയ്തത് നോക്കൂ. "രണ്ടുലക്ഷം ജനങ്ങളാണ് ജീവൻ നിലനിർത്താനാവശ്യമായതൊന്നുമില്ലാതെ നശിച്ചത്. ഒരു ഭൂപ്രദേശമാകെ താമസിക്കാനാളില്ലാതെ തരിശായിക്കിടന്നു.പൂർണ്ണിയ ഹവേലിയിൽ ആയിരം ഗ്രാമങ്ങളുണ്ടായിരുന്നു"."എന്നിട്ടും കമ്പനിയുടെ പൊതുനികുതി പിരിവിൽ ഒരു കുറവും വന്നില്ല" റിപ്പോർട്ട് തുടരുന്നു. നികുതി പിരിക്കാൻ നല്ലതു പോലെ ബലം പ്രയോഗിച്ചിരുന്നതായി വാറൻ ഹേസ്റ്റിംഗ്സ് വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിനിടയിൽ ജനങ്ങൾ പട്ടിണിയിലാണോ എന്നൊന്നും പരിഗണിച്ചില്ലത്രേ. പട്ടിണിയോ വരൾച്ചയോ വെള്ളപ്പൊക്കമോ എന്തു സംഭവിച്ചാലും കമ്പനിയുടെ നികുതി പിരിവ് അതേ അളവിൽത്തന്നെ നിന്നു- ബ്രിട്ടന്റെ സുസ്ഥിര ക്രമപാലനത്തിന് ഉത്തമ മാതൃകയായിട്ട്.

അരിയുടെ കാര്യത്തിലും ബ്രിട്ടന് കുത്തകയുണ്ടായിരുന്നു. കർഷകരിൽ നിന്നും ബലംപ്രയോഗിച്ച് ഒരുറുപ്പികക്ക് 120സേർ എന്ന തോതിൽ പിരിച്ചെടുത്തു.15സേർ ഒരു റുപ്പികക്ക് എന്ന തോതിൽമറിച്ചുവിറ്റു. ലാഭം 900%. ഫലമോ? പട്ടിണി മാറ്റാനാവശ്യമായതിന്റെ പത്തിലൊന്നുപോലും ജനങ്ങൾക്ക് വാങ്ങാനായില്ല . ദാരിദ്ര്യം കുറെക്കൂടി രൂക്ഷമാക്കുന്ന രീതിയിലായിരുന്നു ചില ഉന്നത ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റങ്ങളെന്ന് അന്വേഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അടുത്ത വിളവ് വേണ്ടി വെച്ച വിത്തുപോലും വിൽക്കാൻ കർഷകർ നിർബ്ബന്ധിതരായി. ഇതിന്റെ അർത്ഥമെന്തെന്നോ? ഒരു ദർബാർ ലേഖകൻ എഴുതുന്നു. തുറന്ന് പറയുന്നത്ര അഭിമാനകരമല്ല. കഴിഞ്ഞ കൊല്ലം ഇംഗ്ലണ്ടിലെ വീട്ടിലേക്ക് ആയിരം ഉറുപ്പിക മാത്രം അയക്കാൻ കഴിഞ്ഞ ഒരുദ്യോഗസ്ഥൻ ഇക്കുറി അയച്ചതെത്രയെന്നോ? അറുപതിനായിരം പവൻ.

1765 ഓടെ കാർഷിക കലാപങ്ങൾ വ്യാപകമായി. എല്ലാ സെമീന്ദാർമാർക്കും ഹേസ്റ്റിംഗ്സിന്റെ ഉത്തരവ് കിട്ടി. കലാപകാരികളുടെ നീക്കങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നല്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ ഭൂ സ്വത്ത് മുഴുവൻ പിടിച്ചെടുക്കും. വ്യാപകമായ ക്ഷാമവും പട്ടിണിയും ആയിരുന്നു പൊതുവായ ഫലം. ബ്രിട്ടിഷുകാർ സ്വന്തം അനീതികളെയാകെ മറച്ചുവെക്കാനുപയോഗിച്ച ഒരു പ്രധാന തന്ത്രം സ്വാർത്ഥ താത്പര്യങ്ങളെ നിയമത്തിന്റെ കുപ്പായമിട്ടുവിക്കുക എന്നതായിരുന്നു. അതിനായി അസഹ്യമായ അനീതിയുടെ നിയമങ്ങൾ പാസാക്കാൻ തുടങ്ങി. വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനാൽ ഏതനീതിയും നീതിയാകുമായിരുന്നു.

മോഷണത്തെ നിയമാധിഷ്ഠമാക്കാൻ ഒരു സമഗ്ര പരിപാടി തന്നെ അവർക്കുണ്ടായിരുന്നു. 1835ൽ ബ്രിട്ടീഷുകാർ അവരുടെ അധീനതയിലുള്ള പ്രദേശങ്ങളിലാകെ പൊതു നാണയമാക്കി വെള്ളിയുറുപ്പിക പുറത്തിറക്കി. അതോടെ മറ്റിന്ത്യൻ നാണയങ്ങളെല്ലാം മൂല്യമില്ലാത്തതായി. ബ്രിട്ടീഷധീന പ്രദേശങ്ങളും നാട്ടുരാജ്യങ്ങളും തമ്മിലുള്ള നേരിയ അതിർത്തി രേഖമാഞ്ഞുപോയി. എല്ലാ നികുതികളുടെയും അടിസ്ഥാനം വെള്ളിയുറുപ്പികയായി.പിരിച്ചെടുത്ത തുക മുഴുവൻ ബ്രിട്ടീഷ് സർക്കാർ ഖജനാവിലടച്ചു കൊള്ളെ എന്നനിലയും വന്നു. 1879ൽ ബ്രിട്ടീഷുകാർ ഓഹരിയെടുത്തു കൊണ്ട് ഈസ്റ്റിന്ത്യൻ റെയിൽവെ വളർത്തിക്കൊണ്ടുവന്നു.ഓരോ100 പവൻ ഓഹരിക്കും വാർഷിക അറ്റാദായവിഹിതമായി 125 പവൻ ഉറപ്പു കൊടുത്തു വാർഷിക ലാഭം 125% എന്നർത്ഥം. 1900ത്തിൽ റെയിൽവെയിലെ ബ്രിട്ടീഷ് മൂലധനം 600 ലക്ഷം പവനായിരുന്നു എന്നും ഓർക്കുക.

വിദേശ നിക്ഷേപങ്ങൾക്ക് കൊടുത്ത ലാഭവിഹിതം, ഇന്ത്യയിൽ വ്യാപാരവ്യവസായാദികളിലേർപ്പെടുന്ന വെള്ളക്കാർക്കു കൊടുക്കുന്ന പ്രത്യേക ധന സഹായങ്ങൾ, ശമ്പളവും മറ്റാനുകൂല്യങ്ങളും ഇവയൊന്നും ഇന്ത്യയിൽ നിന്നും കടത്തിക്കൊണ്ടുപോയ ധനമായി കണക്കാക്കരുതെന്ന് കേംബ്രിഡ്ജിലെ ഇന്ത്യൻ സാമ്പത്തിക ചരിത്രം (1983) ആവശ്യപ്പെടുന്നുണ്ട്. കാരണമെന്തെന്നോ? അവയിൽ മറ്റു പല വികസ്വര രാജ്യങ്ങളിൽ നിന്നുള്ള തുകയും ചേർന്നിട്ടുണ്ട്. എന്നു വെച്ചാൽ കൊള്ള ആഗോള വ്യാപകമാണെങ്കിൽ കുറ്റമില്ലെന്നർത്ഥം.

കടത്തി ക്കൊണ്ടു പോകലിനുപയോഗിച്ച മറ്റൊരു മാർഗ്ഗം ഹോം ചാർജ്ജ് ആയിരുന്നു.ഇതിൽ സൈനികം, ഭരണപരം, പെൻഷനുകൾ എന്നിവ ഉൾപ്പെടും.1870ൽ ഇത് വർഷത്തിൽ70ലക്ഷം പവനായിരുന്നു. 1890 ആവുമ്പോഴേക്കും 200 ലക്ഷം പവനായി. പിന്നീട് അത് പല മടങ്ങ് വർദ്ധിച്ചു. നമ്മെ അടിച്ചമർത്തിയതിന്, ചൂഷണം ചെയ്തതിന് നമ്മൾ കനത്ത കൂലികൊടുക്കേണ്ടിവന്നു.

1858നും 1898നും ഇടയിൽ ഇന്ത്യയിൽ നിന്നും ഇംഗ്ലണ്ടിലേക്ക് കടത്തിയത് നൂറ് കോടിയിലേറെ പവനായിരുന്നു. 1898നും 1930നും ഇടയിൽ അതിന്റെ ഇരട്ടിയിലേറെയായി. 1947വരെ ഇത് അതേ രീതിയിൽ തുടർന്നു. പിടിച്ചു പറിച്ചെടുത്തതും നിയമ വിരുദ്ധമായി പിരിച്ചെടുത്തതും എല്ലാം കൂടിചേർത്താൽ ഈ രാജകീയ കവർച്ചത്തുക പതിനായിരക്കണക്കിനു കോടി പവൻ വരും.

ബ്രിട്ടീഷ്അധിനിവേശക്കാലത്തെ നമ്മുടെ ദാരിദ്ര്യ വല്ക്കരണത്തിന്റെ വളരെ മങ്ങിയ ഒരു രൂപരേഖ കിട്ടാൻ ഇവയൊക്കെ സഹായിക്കുമെന്നു തോന്നുന്നു. വൻ തോതിലുള്ള ഈ മൂലധനക്കടത്ത് കാരണം ഇവിടെ നിക്ഷേപം വളരെ ചുരുങ്ങി. തൊഴിലില്ലായ്മയും ദാരിദ്ര്യവും നന്നേ പെരുകി. അതേ സമയം ബ്രിട്ടീഷ് വ്യവസായ വിപ്ലവത്തിന് ആവശ്യമായത്ര മൂലധനം കിട്ടി. ഇവിടെ നിന്നും കടത്തിക്കൊണ്ടുപോയതും അവയുടെ പലിശയും ചേർത്ത് കനത്ത നഷ്ടപരിഹാരം കിട്ടേണ്ടതുണ്ട്. എന്നിട്ടാവാം സഹായങ്ങൾ. ബ്രിട്ടനും അമേരിക്കയും ചേർന്ന് ഇറാക്കിനോട് നഷ്ടപരിഹാരത്തുക ചോദിക്കുന്നു. പക്ഷേ, നൂറ്റാണ്ടുകൾ നീണ്ടുനിന്ന ചൂഷണങ്ങളും യുദ്ധങ്ങളും കൊണ്ട് തകർത്ത രാജ്യങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കേണ്ട കാര്യം പരിഗണിക്കുന്നതേയില്ല.(തുടരും) .